## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2883** | **12.10.2011- ൽ മറുപടിയ്ക്ക്**

## കാർഷിക മൃഗസംരക്ഷണ മേഖലയിൽ കർഷകരെ ആകർഷിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കാർഷിക-മൃഗ സംരക്ഷണ മേഖലയിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് നടപ്പാക്കി വരുന്നത്; വ്യക്തമാക്കുമോ ; | (എ) കാർഷിക മേഖലയിൽ ജനങ്ങളെ ആകർഷിക്കുന്നതിന് കൃഷി വകുപ്പ് വിവിധ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) ഈ മേഖലയിൽ പ്രാവീണ്യം തെളിയിച്ചവർക്ക് നിലവിൽ എന്തെല്ലാം അംഗീകാരങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കുമോ ; | ബി) ഈ മേഖലയിൽ പ്രാവീണ്യം തെളിയിച്ച സംസ്ഥാനത്തെ മികച്ച കർഷകർ, കർഷക സംഘടനകൾ, കർഷക തൊഴിലാളികൾ, ശാസ്ത്രജ്ഞന്മാർ, പത്രപ്രവർത്തകർ, കൃഷി ഫാമുകൾ, കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വിവിധ തുറകളിലെ വ്യക്തികൾ എന്നിവർക്ക് ഓരോ വർഷവും സംസ്ഥാന സർക്കാർ അവാർഡുകളും സമ്മാനങ്ങളും നൽകിവരുന്നുണ്ട്. (വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്). |
| സി) കർഷകർക്ക് അത്യാധുനിക സാങ്കേതിക പരിജ്ഞാനം പകർന്നു നൽകി കാർഷിക മൃഗസംരക്ഷണ മേഖലയിൽ ഇവരെ ഉറപ്പിച്ചു നിർത്താൻ ഉതകുന്ന പുതിയ നയപരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുമോ; | സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ്. |

| | |
|---|---|
| ഡി) ഈ മേഖലയിൽ പ്രാവീണ്യം തെളിയിച്ചവർക്ക് കൂടുതൽ അംഗീകാരവും അവാർഡു തുകയിൽ വർദ്ധനവും വരുത്തി കൂടുതൽ പ്രതിഭകളെ ആകർഷിക്കുന്നതിന് ഉദ്ദേശിക്കുന്നുവോ ; ആയതിന് നടപടി സ്വീകരിക്കുമോ? | ഡി) നിലവിൽ നൽകി വരുന്ന പുരസ്കാരങ്ങളും അവാർഡു തുകയും കൂടുതൽ കർഷക/പ്രതിഭകളെ ആകർഷിക്കും വിധത്തിലാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കാർഷിക മൃഗസംരക്ഷണ മേഖലയിൽ ജനങ്ങളെ ആകർഷിക്കുന്നതിനായി കൃഷി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വിവിധ അവാർഡുകൾ താഴെപ്പറയുംപ്രകാരമാണ്:-

| ക്രമ നമ്പർ | അവാർഡിന്റെ പേര് | വിശദവിവരം | അവാർഡു തുക |
|---|---|---|---|
| 1 | നെൽ കതിർ അവാർഡ് | ഏറ്റവും നല്ല/ഗ്രൂപ്പ് ഫാമിംഗ് സമിതിക്ക് | രണ്ടു ലക്ഷം രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 2 | കർഷകോത്തമ | ഏറ്റവും നല്ല കർഷകൻ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 3 | യുവ കർഷ വനതി | ഏറ്റവും നല്ല യുവ വനിതാ കർഷക | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 4 | യുവ കർഷകൻ | ഏറ്റവും നല്ല യുവ കർഷകൻ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 5 | കേരകേസരി | ഏറ്റവും നല്ല കേര കർഷകൻ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 6 | ഹരിതമിത്ര | ഏറ്റവും നല്ല പച്ചക്കറി കൃഷിക്കാരൻ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 7 | ഉദ്യാന ശ്രേഷ്ഠ | ഏറ്റവും നല്ല പുഷ്പ കൃഷി കർഷകൻ | ഒരു ലക്ഷം രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 8 | കർഷക ജ്യോതി | പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട ഏറ്റവും നല്ല കർഷകൻ | 50,000 /- രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |

| | | | |
|---|---|---|---|
| 9 | പുഷ്പ കയറ്റുമതി | ഏറ്റവും നല്ല അലങ്കാര പുഷ്പങ്ങൾ കയറ്റുമതി ചെയ്യുന്ന കർഷകൻ | 50,000 /- രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 10 | കർഷക തിലകം | ഏറ്റവും നല്ല കർഷക/വനിത | 25,000 /- രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 11 | ശ്രമ ശക്തി | ഏറ്റവും നല്ല കർഷക തൊഴിലാളി | 25,000 /- രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 12 | കൃഷി വിജ്ഞാൻ | ഏറ്റവും നല്ല കൃഷി ശാസ്ത്രജ്ഞൻ | 25,000 /- രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 13 | കർഷക മിത്ര | ഏറ്റവും നല്ല വിജ്ഞാന വ്യാപന പ്രവർത്തകൻ | 25,000 /- രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 14 | ക്ഷോണി സംരക്ഷണ | ഏറ്റവും നല്ല മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന കർഷകൻ | 25,000 /- രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 15 | കർഷക ഭാരതി | ഏറ്റവും നല്ല ഫാം ജേർണലിസ്റ്റ് | 25,000 /- രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 16 | ക്ഷീര ധാര | ഏറ്റവും നല്ല സങ്കരയിനം പശുക്കളെ വളർത്തുന്ന ക്ഷീര കർഷകൻ | 25,000 /- രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 17 | പൗൾട്രി | ഏറ്റവും നല്ല ഇറച്ചിക്കോഴി മുട്ടക്കോഴി യൂണിറ്റുകൾ ഉള്ള കർഷകൻ | 25,000 /- രൂപ സ്വർണ്ണമെഡൽ, ഷീൽഡ്, സർട്ടിഫിക്കറ്റ്. |

| | | | |
|---|---|---|---|
| 18 | ഹരിത കീർത്തി | കൃഷി വകുപ്പിന്റെ കീഴിലുള്ള ഏറ്റവും നല്ല കൃഷി ഫാം/പഞ്ചായത്തിനു കൈമാറിയ ഫാമുകൾ- ഇവയിൽ ഏറ്റവും നല്ലത്. | 50,000 /- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 19 | ഹരിത മുദ്ര | മികച്ച ടി.വി. ചാനലിന് (കാർഷിക രംഗത്തെ) | 50,000 /- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ്. |
| 20 | ഹരിത മുദ്ര | കാർഷിക രംഗത്തെ മികച്ച പത്രമാധ്യമത്തിന് | 50,000 /- രൂപ ഷീൽഡ്, സർട്ടിഫിക്കറ്റ്. |

(signature)

സെക്ഷൻ ഓഫീസർ